സന്ദേശനിലയം
ചങ്ങനാശ്ശേരി

# വിശ്വാസോത്സവം – 2025

## ശിശു വിഭാഗം

# അധ്യാപകസഹായി

VISWASOLSAV

INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈശോമിശിഹയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി നമ്മൾ ആഘോഷിക്കുകയാണ്. വചനമായ ഈശോയെ ഹൃദയത്തിൽ സ്വീകരിക്കാനും ജീവിതത്തിൽ പകർത്താനുമാണ് ഈ ജൂബിലി വർഷത്തിലെ വിശ്വാസോത്സവത്തിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**

2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.

3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.

4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

<u>ഒന്നാം ദിവസം</u>

## Entry To Singing Robo

സിംഗിംഗ് റോബോയിൽ കയറാൻ റാണിയെയും റോണിയെയും നമുക്ക് സഹായിച്ചാലോ. അതിനായി ചുവടെ നൽകിയിരിക്കുന്ന ആക്ടിവിറ്റി ചെയ്യാം.

കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും 10 പേപ്പർ ഗ്ലാസ് വീതം നൽകുക. അതിൽ ഓരോ ഗ്ലാസിന്റെയും ഉൾഭാഗത്ത് വചനം, മാംസമായി, നമ്മുടെ ഇടയിൽ, വസിച്ചു എന്ന് ഓരോ വാക്കു വീതം 4 ഗ്ലാസ്സിൽ യഥാക്രമം എഴുതുക. അതുപോലെ തന്നെ ഒന്നും എഴുതാത്ത 6 പേപ്പർ ഗ്ലാസുകളും അതിനോടൊപ്പം വയ്ക്കുക. യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായം പതിനാലാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന വചനമാണ് നമ്മൾ ഈ ആക്ടിവിറ്റിയിലൂടെ പൂർത്തിയാക്കുന്നത്. അതുവഴിയായി റാണിക്കും റോണിക്കും സിംഗിംഗ് റോബോയ്ക്കും എൻട്രി ലഭിക്കുന്നു.

**ആക്ഷൻ സോങ്**

സ്തുതിച്ചു പാടിടാം
നമിച്ചു വാഴ്ത്തിടാം
പ്രപഞ്ചനാഥൻ തൻ
നന്മയെന്നുമെന്നുമേ
എത്ര പാടിയാലും
എത്ര ചൊല്ലിയാലും
തീരില്ല തൻ നന്മകൾ
ഓ ലാലാ ലാല
ഓ ലാല ലാല (2)

എൻ ദൈവം അത്യുന്നതൻ
വലത്തു കൈനീട്ടി
ഇടത്തു കൈനീട്ടി
അവന്റെ സ്നേഹം എന്നുമെന്നും
ആർത്തു പാടിടാം
തലയിതാട്ടി ആട്ടി
കൈകൾ ചേർത്തുകൊട്ടി
തൻ സ്നേഹം വർണിച്ചിടാം
ഓ ലാലാ ലാല
ഓ ലാലാ ലാല (2)

## രണ്ടാം ദിവസം



**നോഹ അപ്പൂപ്പൻ**
**നിർമ്മിച്ച പെട്ടകം പോലെ**
**നമുക്കും ഒരു പെട്ടകം നിർമ്മിച്ചാലോ**

അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ പേപ്പർ ബോട്ട് നിർമ്മിക്കുന്നു. നിങ്ങൾ നിർമ്മിക്കുന്ന പേപ്പർ ബോട്ടുകൾക്ക് ഉചിതമായ പേരും നിറവും നൽകി മനോഹരമാക്കുക.

**ആക്ഷൻ സോങ്**

നോഹ അപ്പൂപ്പൻ പെട്ടകം പണിതല്ലോ (2)
ദൈവത്തിന്റെ പ്രളയത്തീന്നു രക്ഷ നേടുവാൻ (2)
മഴവരും മുമ്പേ പെട്ടകമേറുവാൻ
കാക്ക വരുന്നുണ്ടേ
ക്രാ ക്രാ
നോഹ അപ്പൂപ്പൻ പെട്ടകം പണിതല്ലോ (2)
ദൈവത്തിന്റെ പ്രളയത്തീന്നു രക്ഷ നേടുവാൻ (2)
മഴവരും മുമ്പേ പെട്ടകമേറുവാൻ
പൂച്ച വരുന്നുണ്ടേ
മ്യാവൂ മ്യാവൂ
നോഹെ അപ്പൂപ്പൻ പെട്ടകം പണിതല്ലോ (2)
ദൈവത്തിന്റെ പ്രളയത്തീന്നു രക്ഷ നേടുവാൻ (2)
മഴവരും മുമ്പേ പെട്ടകമേറുവാൻ
ആന വരുന്നുണ്ടേ

## മൂന്നാം ദിവസം

**വചനവയൽ**

ഒരു വയലിൽ കതിരുകൾ എങ്ങനെ നിൽക്കുന്നോ അതുപോലെതന്നെ ഈർക്കിലിയും, പേപ്പറും, തെർമോക്കോളും മറ്റുമുപയോഗിച്ച് കതിരുകൾ നിൽക്കുന്നതുപോലെ കുത്തി നിർത്തി അതിനുമുകളിൽ മത്തായി 4 :7 എന്ന വാക്യം ഭംഗിയായി എഴുതി വയ്ക്കുക.

**സോങ്**

ഈശോയ്ക്ക് നന്ദി ചൊല്ലിയോ
ഈശോയ്ക്ക് നന്ദി ചൊല്ലിയോ
രാവും പകലും കാത്തു നമ്മെ

കൂടെനിന്നു വഴി നടത്തും
ഈശോയ്ക്ക് നന്ദി ചൊല്ലിയോ
ല ല
രാവും പകലും
കാത്തു നമ്മെ കൂടെ നിന്നു വഴി നടത്തും
ഈശോയ്ക്ക് നന്ദി ചൊല്ലിയോ
ഈശോയേ ഈശോയേ നന്ദി നന്ദി ഈശോയേ
കോടി കോടി നന്ദി ഈശോയേ (2)
ഈശോയ്ക്ക് നന്ദി ചൊല്ലിയോ
ഈശോയ്ക്ക് നന്ദി ചൊല്ലിയോ
അപ്പനെയും അമ്മയെയും
സ്വന്തം വീടും തന്നതിന്
ഈശോയ്ക്ക് നന്ദി ചൊല്ലിയോ
ല ല
അപ്പനെയും അമ്മയെയും
സ്വന്തം വീടും തന്നതിന്
ഈശോയ്ക്ക് നന്ദി ചൊല്ലിയോ

## നാലാം ദിവസം

**നിധിയിലേക്ക്** (to the Treasure)

ഗ്രൂപ്പുകളായി തിരിഞ്ഞിരിക്കുന്ന കുട്ടികളെ നാലു വരികളായി നിർത്തുക. ഗ്രൗണ്ടിൽ നാല് ഗ്രൂപ്പുകളുടെ മുൻപിലായി 5 ബോക്സുകൾ നിരയായി വരയ്ക്കുക. ശേഷം അധ്യാപിക മുൻകൂട്ടി എഴുതി തയ്യാറാക്കിയ നല്ല പ്രവർത്തികളും ചീത്ത പ്രവർത്തികളും അടങ്ങിയിരിക്കുന്ന ബൗളിൽ നിന്ന് യഥാക്രമം ഗ്രൂപ്പ് അടിസ്ഥാനത്തിൽ, ഒരു ഗ്രൂപ്പിലെ കുട്ടി ഒരു സമയം എന്ന രീതിയിൽ വന്ന് ബൗളിൽ നിന്ന് ഒരു ലോട്ട് എടുക്കുന്നു അത് നല്ല പ്രവർത്തി ആണെങ്കിൽ ഒരു ബോക്സ് മുൻപോട്ടു പോകാം അത് ചീത്ത പ്രവർത്തി ആണെങ്കിൽ ഒരു ബോക്സ് പിറകിലോട്ടും പോവണം. ഏറ്റവും ആദ്യം അഞ്ച് കളങ്ങളും കടന്ന് നിധിയുടെ അടുത്തെത്തുന്ന ഗ്രൂപ്പ് വിജയിക്കും.

**സോങ്**

My life is in you Lord
My strength is in you Lord

My hope is in you Lord in you it's in you
I'll praise you with all of my life
I'll praise you with all of my strength
With all of my life
With all of my strength
All of my hope is in you

## അഞ്ചാം ദിവസം

### അക്ഷരങ്ങൾ ക്രമപ്പെടുത്താം കണ്ടുപിടിക്കാം

അദ്ധ്യാപിക, വിശുദ്ധ പാരമ്പര്യം എന്ന് വർക്ക്ബുക്കിൽ പറഞ്ഞിരിക്കുന്ന പ്രകാരം വിഭജിച്ചു ബോർഡിൽ എഴുതുക, കുട്ടികൾക്ക് ഓരോ ഗ്രൂപ്പിനും കാർഡിന്റെ സെറ്റ് നൽകുക. കാർഡിന്റെ ഒരു വശത്ത് ഇവ കൂട്ടിച്ചേർത്തു കഴിയുമ്പോൾ വിശുദ്ധ കുർബാന സൂചിപ്പിക്കുന്ന ചിത്രം ഉണ്ടായിരിക്കണം. മറുവശത്തു വിഭജിച്ച വിശുദ്ധ പാരമ്പര്യം എന്ന വാക്ക്, കാർഡിന്റെ സെറ്റിലെ ഓരോ കഷണങ്ങളിലും എഴുതുക. ഈ അക്ഷരങ്ങൾ ബോർഡിൽ അദ്ധ്യാപിക എഴുതിയതുപോലെ ക്രമീകരിച്ചാൽ ചിത്രത്തിന്റെ പൂർണ്ണരൂപം കുട്ടിക്കു കിട്ടിയിരിക്കണം.

### ആക്ഷൻ സോങ്

ഇരിക്ക് എഴുന്നേൽക്ക്
നിൽക്ക് നടക്ക്
ഓട് ചാട് തുള്ളിച്ചാട്
ഈ ആരോഗ്യം മുഴുവൻ ഈശോയ്ക്കായ് കൊടുക്ക്
അവനായ് മാത്രം ജീവിച്ചീട്
ഹല്ലേലേ ഹല്ലേലേ
ഹല്ലേലേ ഹല്ലേലേ
ഹല്ലേലൂയ്യ
ഇടം കൈ ഒന്ന് ടച്ച്
വലം കാല്
വലം കൈ ഒന്ന് ടച്ച് ഇടം കാല്
ഒന്ന് സ്ട്രെച്ച് ആയിട്ട്
ഒന്ന് ലിഫ്റ്റ് ആയിട്ട്
ഇടത്തോട്ടും വലത്തോട്ടും മുൻപോട്ടും പിൻപോട്ടും
ചാടി ചാടി ചാടി ചാടി നിൽക്ക്.

ഇരിക്ക് എഴുന്നേൽക്ക്
നിൽക്ക് നടക്ക്
ഓട് ചാട് തുള്ളിച്ചാട്
ഈ ആരോഗ്യം മുഴുവൻ ഈശോയ്ക്കായ് കൊടുക്ക്
അവനായ് മാത്രം ജീവിച്ചീട്
ഹല്ലേലേ ഹല്ലേലേ
ഹല്ലേലേ ഹല്ലേലേ
ഹല്ലേലൂയ്യ

## ആറാം ദിവസം

### ആക്ടിവിറ്റി

ഓരോ ഗ്രൂപ്പിനും 4 തെർമോകോൾ ബോർഡുകൾ നൽകുന്നു. അതിൽ കളർ പേപ്പറുകളിൽ വിശുദ്ധ ബൈബിൾ എന്ന വാക്കിലെ ഓരോ അക്ഷരങ്ങൾ എഴുതി പിൻ ചെയ്യുന്നു. കളർ പേപ്പറുകൾക്കൊപ്പം വെള്ള പേപ്പറുകളും വെറുതെ പിൻ ചെയ്തു വയ്ക്കുന്നു. ഇനി ഓരോ ഗ്രൂപ്പിൽ നിന്നും നാല് അംഗങ്ങൾ വന്ന് ബോർഡിൽ നിന്നും നിശ്ചിത അകലത്തിൽ നിന്ന് ബോർഡിലേക്ക് ബോൾ എറിയുന്നു. ബോൾ എവിടെ പതിക്കുന്നുവോ ആ പേപ്പർ അവർക്ക് സ്വന്തമാക്കാം. ഇത്തരത്തിൽ ആദ്യം 'വിശുദ്ധ ബൈബിൾ' എന്ന വാക്കു പൂർത്തിയാക്കുന്ന ഗ്രൂപ്പ് വിജയികൾ ആകുന്നു. ഓരോ ഗ്രൂപ്പിനും അവരുടേതായ ബോർഡ് ഉണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കുക.

### Action song

If you're happy and you know it clap your hands
If you're happy and you know it clap your hands
If you're happy and you know it and you really want to show it
If you're happy and you know it clap your hands
If you're happy and you know it stamp your feet
If you're happy and you know it stamp your feet
If you're happy and you know it and you really want to show it
If you're happy and you know it stamp your feet

## ഏഴാം ദിവസം

റോബോ സാമും കൂട്ടുകാരും വിശുദ്ധരുടെ ആൽബം തയ്യാറാക്കാൻ തീരുമാനിച്ചു. നമുക്ക് അവരെ സഹായിച്ചാലോ ?

ആൽബം നിർമ്മിക്കുന്നതിനായി അധ്യാപകർ ഗ്രൂപ്പുകളായി തിരിഞ്ഞിരിക്കുന്ന കുട്ടികൾക്ക് വിശുദ്ധരുടെ ചിത്രങ്ങൾ അടങ്ങുന്ന കലണ്ടറുകൾ മാസികകൾ തുടങ്ങിയവ നൽകുക. ശേഷം കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് വിശുദ്ധരുടെ ചിത്രങ്ങൾ കണ്ടെത്തി കൈ ഉപയോഗിച്ച് മുറിച്ച് പേപ്പറിൽ ഒട്ടിക്കുന്നു ഏറ്റവും കൂടുതൽ ചിത്രങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ ഒട്ടിക്കുന്ന ഗ്രൂപ്പിനു പോയിന്റ്.

**മെമ്മറി ചലഞ്ച്**

1. വിശുദ്ധ പത്രോസ്
2. വിശുദ്ധ പൗലോസ്
3. വിശുദ്ധ അഗസ്റ്റിൻ
4. വിശുദ്ധ ഫ്രാൻസിസ് അസീസി
5. വിശുദ്ധ തോമസ് അക്വീനാസ്
6. വിശുദ്ധ ഇഗ്നേഷ്യസ് ലയോള
7. വിശുദ്ധ ഫ്രാൻസിസ് സേവ്യർ
8. വിശുദ്ധ പാദ്രെ പിയോ
9. വിശുദ്ധ ജോൺപോൾ II
10. വിശുദ്ധ മദർതെരേസ
11. വിശുദ്ധ മാക്സ്മില്യൺ കോൾബെ
12. വിശുദ്ധ ചാവറകുര്യാക്കോസ് ഏലിയാസ്
13. വിശുദ്ധ അൽഫോൻസാമ്മ
14. വിശുദ്ധ എവുപ്രാസിയാമ്മ
15. വിശുദ്ധ കൊച്ചുത്രേസ്യ

ഈ വിശുദ്ധരുടെ പേരുകൾ ഓർഡർ തെറ്റാതെ പറയുക എന്നതാണ് ഈ ഗെയിമിന്റെ ധർമ്മം.

അധ്യാപിക ഒരുതവണ വ്യക്തമായി ഈ 15 വിശുദ്ധരുടെ പേരുകൾ ഓർഡറിൽ പറയുന്നു. ഏത് ഗ്രൂപ്പാണോ ആദ്യം പറയുന്നത് ആ ഗ്രൂപ്പിന് പോയിന്റ് ലഭിക്കും.

**ആക്ഷൻ സോങ്**

കാലമിത് കാലമിത് കാലം
സ്പീഡിൽ സ്പീഡായൊരു കാലം (2)
സെൽഫിക്കാലം ഫോർ ജി കാലം
വൈ ഫൈ കാലം കബാലിക്കാലം.
കാലമിത് കാലമിത് കാലം
സ്പീഡിൽ സ്പീഡായൊരു കാലം.

സെൽഫിയെടുത്താലും സെൽഫിഷാകല്ലേ
മിസ്ഡ് കോൾ അടിച്ചാലും മോശമാകല്ലേ
ചാറ്റ് ചെയ്തു ജീവിതം ചീറ്റിടല്ലെ
ഓൺലൈനിൽ പോയി നീ ഓഫാകല്ലേ.
നല്ല ജീവിതം നയിച്ചു വൈറലായിടാം
ജീസസിന്റെ സ്റ്റൈലുകൾ ഹിറ്റാക്കിടാം
കാലമിത് കാലമിത് കാലം
സ്പീഡിൽ സ്പീഡായൊരു കാലം (2)

## എട്ടാം ദിവസം

**വചനമാല**


നിങ്ങൾ ഇതുവരെ പഠിച്ച ബൈബിൾ വചനഭാഗങ്ങൾ കോർത്തിണക്കി ഒരു വചനമാല നിർമ്മിക്കുക. ഇതൊരു ഗ്രൂപ്പ് ആക്ടിവിറ്റി ആണ് അതിനാൽ ഏറ്റവും മനോഹരമായ വചനമാല നിർമ്മിക്കുന്ന ഗ്രൂപ്പിന് കൂടുതൽ പോയിന്റുകൾ നൽകാൻ അധ്യാപകർ ശ്രമിക്കുമല്ലോ.

**സോങ്**

കുഞ്ഞിക്കൈകൾ തട്ടിത്തട്ടി ഈശോയ്ക്കായി പാടാം
കുഞ്ഞിക്കാലുകൾ തുള്ളിത്തുള്ളി ഈശോ തൻ പിൻപേ പോകാം
പേടിയൊട്ടും വേണ്ട കൂടെ ഈശോയുണ്ട്

തിത്തൈ തിത്തൈ പാടി പാടി ഈശോ തൻ പിൻപേ പോകാം.

കുഞ്ഞിക്കൈകൾ തട്ടിത്തട്ടി ഈശോയ്ക്കായി പാടാം
കുഞ്ഞിക്കാലുകൾ തുള്ളിത്തുള്ളി ഈശോ തൻ പിൻപേ പോകാം
പേടിയൊട്ടും വേണ്ട കൂടെ ഈശോയുണ്ട്.






# സന്ദേശനിലയം
## ചങ്ങനാശ്ശേരി